**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 77** — **14-01-2021 - ൽ മറുപടിയ്ക്ക്**

**വിമുക്തി മിഷന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി .ടി .എ . റഹീം ,<br>ശ്രീ. കെ. സുരേഷ് കുറുപ്പ് ,<br>ശ്രീ. സി. കൃഷ്ണൻ,<br>ശ്രീ . എം. നൗഷാദ് | | Shri. T. P . Ramakrishnan<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലഹരിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനായി നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | ലഹരിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി'ക്ക് രൂപം നൽകിയിട്ടുണ്ട്. ഇതിന്റെ ആഭിമുഖ്യത്തിൽ വിവിധതരത്തിലുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളും, ലഹരിക്ക് അടിമപ്പെട്ടവർക്ക് ആവശ്യമായ കൗൺസിലിങ്ങും, ലഹരിമോചന ചികിത്സയും നൽകി വരുന്നു. ഇതിന് പുറമേ 2019 നവംബർ മുതൽ 'നാളത്തെകേരളം ലഹരിമുക്ത നവകേരളം' എന്ന പേരിൽ തീവ്രയത്ന ബോധവൽക്കരണ പരിപാടിയും സംഘടിപ്പിച്ചിരുന്നു. |
| (ബി) | ലഹരി വർജ്ജനത്തിലൂടെ ലഹരിമുക്ത സമൂഹം കെട്ടിപ്പടുക്കുന്നതിനായി ഈ സർക്കാർ രൂപീകരിച്ച വിമുക്തി മിഷന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ബി) | എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ മറ്റ് സർക്കാർ വകുപ്പുകൾ, മദ്യവർജ്ജന സമിതികളടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന-മഹിളാ സംഘടനകൾ എന്നിവയടക്കം പൊതുജന പങ്കാളിത്തത്തോടുകൂടി ലഹരിക്കെതിരെയുള്ള വിവിധങ്ങളായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുക എന്നതാണ് വിമുക്തി മിഷന്റെ പ്രധാന പ്രവർത്തനം. ലഹരിക്ക് അടിമപ്പെട്ടവർക്ക് ആവശ്യമായ ലഹരി മോചന ചികിത്സ നൽകി സാധാരണ ജീവിതത്തിലേക്ക് തിരികെയെത്തിക്കുന്നതിനായി വിമുക്തി മിഷന്റെ ഭാഗമായി ആരോഗ്യ വകുപ്പുമായി സഹകരിച്ചുകൊണ്ട് പതിനാല് ജില്ലകളിലും വിമുക്തി ഡീ-അഡിക്ഷൻ സെന്ററുകളും, 3 മേഖല കൗൺസിലിംഗ് സെന്ററുകളും പ്രവർത്തിച്ചു വരുന്നു. |
| (സി) | ഏതെല്ലാം വകുപ്പുകളുടെ ഏകോപനത്തിലൂടെയാണ് വിമുക്തി മിഷന്റെ പദ്ധതികൾ നടപ്പിലാക്കുന്നത്; | (സി) | എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ ആരോഗ്യം, വിദ്യാഭ്യാസം, പോലീസ്, വനം, സാമൂഹ്യ ക്ഷേമം, വനിതശിശുവികസനം മുതലായ സർക്കാർ വകുപ്പുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, |

| | | | |
|---|---|---|---|
| | | | കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, സംസ്ഥാന സ്പോർട്സ് കൗൺസിൽ തുടങ്ങിയവയുടെ ഏകോപനത്തിലൂടെയാണ് വിമുക്തി മിഷന്റെ പദ്ധതികൾ നടപ്പിലാക്കുന്നത്. |
| (ഡി) | ലഹരി ഉപയോഗത്തിനെതിരെ എന്തെല്ലാം ബോധവത്ക്കരണ പ്രവർത്തനങ്ങളാണ് മിഷൻ നടത്തിവരുന്നത്; | (ഡി) | 'വിമുക്തി' യുടെ ആഭിമുഖ്യത്തിൽ എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ പൊതുജനപങ്കാളിത്തത്തോട്ടുകൂടി ബോധവൽക്കരണ ക്ലാസ്സുകൾ, റാലികൾ, സൈക്ലത്തോൺ, ബൈക്കത്തോൺ, വാക്കത്തോൺ, ലഹരിക്കെതിരെ ദീപം തെളിയിക്കൽ, ലഹരി വിരുദ്ധ സന്ദേശ പ്രചരണവുമായി ഭവന സന്ദർശനം എന്നിങ്ങനെയുള്ള വിവിധങ്ങളായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് വരുന്നു. സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് ലഹരി വിരുദ്ധ ബോധവത്കരണ ക്ലാസുകൾ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്തിയും, വിവിധ ആഘോഷങ്ങളുമായി ബന്ധപ്പെട്ട് ലഹരിയുടെ ദൂഷ്യവശങ്ങൾ പ്രതിപാദിക്കുന്ന ബോധവത്കരണ പവലിയനുകൾ, ഫ്ളോട്ടുകൾ എന്നിവ തയ്യാറാക്കിയും അവതരിപ്പിച്ച് വരുന്നു. യുവാക്കളെയും വിദ്യാർത്ഥികളെയും ലക്ഷ്യമിട്ട് ലഹരിക്കെതിരെ കായിക വിനോദം പ്രോത്സാഹിപ്പിക്കുന്നതിന് വിവിധ കായിക മത്സരങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. പട്ടിക വർഗ്ഗ മേഖലകളിൽ കരിയർ ഗൈഡൻസ് സെന്ററുകൾ, ലൈബ്രറികൾ എന്നിവ ആരംഭിച്ച് പ്രവർത്തിക്കുന്നു. ലോക പുകയില വിരുദ്ധ ദിനം, അന്താരാഷ്ട്ര മയക്കുമരുന്ന് വിരുദ്ധ ദിനം, ഗാന്ധിജയന്തി തുടങ്ങിയ ദിനാചരണങ്ങളോടനുബന്ധിച്ചും അല്ലാതെയും എഫ്.എം റേഡിയോകൾ, ടി.വി.ചാനലുകൾ, പത്രമാധ്യമങ്ങൾ, എന്നിവയിലൂടെ വിമുക്തി സന്ദേശ പ്രചരണം നടത്തിയിട്ടുണ്ട്. മലയാള സിനിമാ ലോകത്തെ പ്രമുഖ താരങ്ങളുടെ ലഹരിക്കെതിരായ സന്ദേശം നവമാധ്യമങ്ങളിലൂടെയും, ടി.വി.ചാനലുകളിലൂടെയും പ്രചരിപ്പിക്കുന്നുണ്ട്. ആദിവാസി തീരദേശ, പട്ടികജാതി കോളനികളിൽ ഉൾപ്പെടെ സംസ്ഥാനമൊട്ടാകെ എക്സൈസ് ജീവനക്കാർ നേരിട്ടും കുടുംബശ്രീ, സന്നദ്ധ സംഘടനകൾ, ലഹരി വിരുദ്ധ ക്ലബ്ബുകൾ എന്നിവയുടെ സഹകരണത്തോടെയും ഭവന സന്ദർശനം നടത്തി ലഘുലേഖകൾ വിതരണം ചെയ്ത് ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. ഗ്രന്ഥശാലകളുമായി ബന്ധപ്പെട്ട് ലഹരിക്കെതിരെ |

| | | | |
|---|---|---|---|
| | | | സായാഹ്ന ചർച്ചകൾ ഉൾപ്പെടെ വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. |
| (ഇ) | ഇത്തരം പ്രവർത്തനങ്ങളിൽ പൊതുജനപങ്കാളിത്തം ഉറപ്പുവരുത്താൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാം; വിശദമാക്കാമോ? | (ഇ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ യൂണിറ്റുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വിദ്യാർത്ഥി യുവജന സംഘടനകൾ എന്നിവയുടെ സഹകരണത്തോടെയാണ് വിമുക്തിയുടെ എല്ലാ ബോധവൽക്കരണ പ്രവർത്തനങ്ങളും സംഘടിപ്പിച്ചു വരുന്നത്. വിവിധ സാമൂഹ്യ സംഘടനകൾ സംഘടിപ്പിക്കുന്ന ലഹരിവിരുദ്ധ കൂട്ടായ്മകളിൽ എക്സൈസ് വകുപ്പിൽ നിന്നുള്ള പരിശീലനം ലഭിച്ച ഉദ്യോഗസ്ഥർ ക്ലാസ്സുകൾ നൽകി വരുന്നു. എല്ലാ പ്രധാനപ്പെട്ട ഉത്സവ വേളകളിലും 'വിമുക്തി'യുടേതായ പവിലിയനുകൾ സംഘാടകരുടെ സഹകരണത്തോടെ സ്ഥാപിക്കുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അധ്യാപക-രക്ഷാകർത്തൃ സമിതികൾ മുഖാന്തിരവും ബോധവൽക്കരണ പ്രവർത്തനങ്ങളിൽ പൊതു പങ്കാളിത്തം ഉറപ്പ് വരുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ